പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3252 | 13/03/2017 ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗ ശൂന്യമായ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്. ശർമ്മ | | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗ ശൂന്യമായ ഭൂമി, അതത് തദ്ദേശ സ്ഥാപനങ്ങളുടെയും അതത് പ്രദേശത്തിന്റെയും വികസനപ്രവർത്തനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ ലീസിനും വാടകയ്ക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7, കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 എന്നിവ പ്രകാരം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വ്യാപാരത്തിനുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതും, അതാത് ഭരണസമിതി നിശ്ചയിക്കുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) | പദ്ധതികളുടെ സാധ്യതയും ആവശ്യകതയും അനുസരിച്ച് ഇത്തരത്തിലുള്ള ഭൂമിയും പ്രവർത്തനരഹിതമായ കെട്ടിടങ്ങളും പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനം ഉറപ്പാക്കുന്നതിനും നിർദ്ദേശം നൽകുമോ? | ബി) | ഇക്കാര്യം പരിഗണനയിലുണ്ട് |

സെക്ഷൻ ഓഫീസർ